**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 83** **13.06.2012-ൽ മറുപടിക്ക്**

## പകർച്ചവ്യാധികൾ

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ. ബാബു .എം. പാലിശ്ശേരി<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. സാജു പോൾ<br>ശ്രീമതി കെ.കെ. ലതിക | **ശ്രീ. വി. എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത്പകർച്ചവ്യാധികൾ വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) സംസ്ഥാനത്ത് പകർച്ചവ്യാധികൾ ചില പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ഡെങ്കിപ്പനിയും, വയനാട് ജില്ലയിലെ കോളറയുമാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. |
| ബി) തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം തുടങ്ങിയ നഗരങ്ങളിൽ പകർച്ചവ്യാധികൾ കൂടുതലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ? | ബി) തിരുവനന്തപുരം നഗരത്തിൽ ഡെങ്കിപ്പനിയും എറണാകുളം, മലപ്പുറം ജില്ലകളിൽ ഹെപ്പറ്റൈറ്റിസ്-എ യും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. നഗര പ്രദേശങ്ങളിലെ ഉയർന്ന ജനസാന്ദ്രത, മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾ, അശാസ്ത്രീയ നഗരവത്കരണം, ശുദ്ധജല ദൗർലഭ്യം, ഉയർന്ന കൊതുക് സാന്ദ്രത തുടങ്ങിയവയാണ് പകർച്ചവ്യാധികൾ ഉണ്ടാകുന്നതിന് പ്രധാന കാരണങ്ങൾ. |

സെക്ഷൻ ഓഫീസർ